29.08.2017

**പ്രസിദ്ധീകരണത്തിന്**

## മെഡിക്കൽ പ്രവേശനം - ടി.സി. വാങ്ങിയ വിദ്യാർത്ഥികൾക്ക് പുന:പ്രവേശനം നൽകാൻ ഉത്തരവ്

നീറ്റ് 2017 യോഗ്യത നേടിയതിന്റെ അടിസ്ഥാനത്തിൽ മെഡിക്കൽ പ്രവേശനത്തിനുവേണ്ടി വിദ്യാർത്ഥികൾ സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽ നിന്നും ലിക്വിഡേറ്റഡ് ഡാമേജ് അടച്ച് വിടുതൽ സർട്ടിഫിക്കറ്റും അനുബന്ധ രേഖകളും കൈപ്പറ്റിയിരുന്നു. എന്നാൽ ബഹു. സുപ്രീം കോടതി സ്വാശ്രയ മേഖലയിൽ മെഡിക്കൽ ട്യൂഷൻ ഫീസ് 11 ലക്ഷമാക്കി ഉയർത്തിയതിനെ തുടർന്ന് മെഡിക്കൽ പഠനത്തിന് ബുദ്ധിമുട്ട് ഉണ്ടെന്നും, തന്മൂലം മെഡിക്കൽ കോഴ്സിന് പ്രവേശനം നേടാൻ കഴിയാത്ത സാഹചര്യമാണെന്നും, അതിനാൽ എഞ്ചിനീയറിംഗ് പഠനം തുടരാൻ അനുമതി നൽകണമെന്നും ആവശ്യപ്പെട്ട് രക്ഷാകർത്താക്കളും വിദ്യാർത്ഥികളും ബഹു. വിദ്യാഭ്യാസ വകുപ്പ് മന്ത്രിയ്ക്ക് നിവേദനം നൽകി. വിദ്യാഭ്യാസ വകുപ്പ് മന്ത്രി സി. രവീന്ദ്രനാഥിന്റെ നിർദ്ദേശപ്രകാരം മെഡിക്കൽ പ്രവേശനത്തിന് വേണ്ടി ടി.സി വാങ്ങി, പഠനം തുടരാൻ കഴിയാത്ത വിദ്യാർത്ഥികൾക്ക് അതാത് സ്ഥാപനങ്ങളിൽ പുന:പ്രവേശനം നൽകുന്നതിനും ലിക്വിഡേറ്റഡ് ഡാമേജ് ഇനത്തിൽ ഈടാക്കിയ തുക തിരിച്ച്നൽകുന്നതിനും സർക്കാർ ഉത്തരവായി. ബഹു. സുപ്രീം കോടതി ഫീസ് വർദ്ധിപ്പിച്ചതിനെത്തുടർന്ന് മെഡിക്കൽ പഠനം സാധിക്കാതെ വന്ന വിദ്യാർത്ഥികൾക്ക് തുടർ പഠനം ഉറപ്പാക്കാൻ ഈ ഉത്തരവ്വ് മൂലം സാധിക്കും.